LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേന നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

28-1-2021-ലെ സ.ഉ.(സാധാ) നമ്പർ 783/2021/പൊ.വി.വ. പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണ ഏജൻസിയായി കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)-യെ ഭരണ വകുപ്പായ പൊതു വിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളതാണ്. കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്. പദ്ധതിയിൽ കാലവിളംബം ഉണ്ടെന്ന് ശ്രദ്ധയിൽവരുന്ന പക്ഷം പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്.

കിഫ്ബി പദ്ധതി

27 (408) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി നിലവിൽ വന്നത് എപ്പോഴാണെന്നും കിഫ്ബി ഫണ്ടിലേയ്ക്ക് പണം സമാഹരിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

1999-ൽ ആണ് കിഫ്ബി നിലവിൽ വരുന്നതെങ്കിലും 2016-ൽ കിഫ്ബി ആക്ടിൽ ഉണ്ടായ സമഗ്ര ഭേദഗതിക്കുശേഷമാണ് നിലവിലെ രീതിയിലുള്ള ധനസമാഹരണവും പദ്ധതി നിർവ്വഹണവും ആരംഭിച്ചത്. കിഫ്ബി ആക്ട് നിഷ്കർഷിക്കുന്ന രീതിയിൽ നിലവിലെ നിയമവ്യവസ്ഥകൾക്ക് ഉള്ളിൽനിന്നുകൊണ്ടാണ് കിഫ്ബി ആഭ്യന്തര- അന്താരാഷ്ട്ര വിപണിയിൽനിന്നും ധനസമാഹരണം നടത്തുന്നത്. നിലവിൽ വിവിധ ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളായും കടപ്പത്രങ്ങളിലൂടെയും 11,990.04 കോടി രൂപ കിഫ്ബി കടമായി സമാഹരിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് ധനസമാഹരണം നടത്തുന്നതിന് സീഡ്ക്യാപ്പിറ്റൽ എന്ന നിലയിൽ 2,498.4 കോടി രൂപ സർക്കാർ നൽകിയിരുന്നു. 2016-ലെ ഭേദഗതി ആക്ട് പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) സർക്കാർ കൃത്യമായി കിഫ്ബിയ്ക്ക് കൈമാറുന്നുണ്ട്.

(ബി) കിഫ്ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് സമാഹരിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

2016-ലെ ഭേദഗതി ആക്ടിനുശേഷം വിവിധ സ്രോതസ്സുകളിലൂടെ ആകെ 23,797.37 കോടി രൂപ (30-9-2021-ലെ കണക്കുകൾ പ്രകാരം) കിഫ്ബി ഉറപ്പുവരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു. 2016-2021 കാലയളവിലെ ചെലവ് വിവരങ്ങൾ ഉൾപ്പെടുന്ന വാർഷികകണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) കിഫ്ബി ഫണ്ടിലേയ്ക്ക് പണം സമാഹരിച്ചതിന്റെ പേരിൽ സർക്കാരിന് ബാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ആക്ട് പ്രകാരം കിഫ്ബിയുടെ എല്ലാ കടമെടുപ്പുകൾക്കും സർക്കാർ ഗ്യാരന്റി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവയെല്ലാം കണ്ടിജന്റ് ലയബിലിറ്റിയായി മാത്രമാണ്. ഇതല്ലാതെ കിഫ്ബിയുടെ ധനസമാഹരണം കാരണം നേരിട്ടുള്ള ബാധ്യതകൾ ഒന്നും തന്നെ സർക്കാരിനില്ല.

(ഡി) എങ്കിൽ ആരോടെല്ലാം എത്രവീതം രൂപയുടെ ബാദ്ധ്യതയാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

കിഫ്ബിയുടെ കടമെടുപ്പ് വിവരങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.* ഇത് സർക്കാരിന്റെ നേരിട്ടുള്ള ബാദ്ധ്യതകളല്ല.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശിക ഉണ്ടോയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട കുടിശ്ശികയാണുള്ളതെന്നും തുക എത്രവീതമാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

(ഇ&എഫ്) കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, പദ്ധതിയുടെ 40%-80% സാമ്പത്തിക പുരോഗതിക്ക് നേരെ സമർപ്പിക്കപ്പെടുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്തപക്ഷം ബിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ തുക നൽകിവരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കൂ. കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിശ്ചിത ഇടവേളകളിൽ ബില്ലുകളുടെ കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തുന്നു. ഈ സാമ്പത്തിക വർഷം ഒക്ടോബർ 4 വരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട 1648 ബില്ലുകളിൽ 61 എണ്ണം കിഫ്ബിയുടെ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി ബില്ലുകളുടെ പേയ്മെന്റ് നൽകിയിട്ടുണ്ട്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ പണം നൽകുന്നതാണ്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ

28 (409) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കിഫ്ബിയിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ ശേഷം കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഏറ്റെടുക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഇതുവരെ ആകെ 64,000 കോടി രൂപയിലധികം അടങ്കൽ തുകയുള്ള പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ആയത് മുൻ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ 50,000 കോടി രൂപയെക്കാൾ വളരെയധികം ഉയർന്നുപോയ സാഹചര്യത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) പുതിയതായി ഏറ്റെടുക്കുന്ന പദ്ധതികൾ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ ?

'ബി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.